(ബി&സി) മരണമടഞ്ഞ കുട്ടിയുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 3 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. കൂടാതെ ചികിത്സയിൽ കഴിയുന്ന കുട്ടികൾക്ക് 25,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(ഡി) അന്വേഷണം നടന്നുവരുന്നു.

(ഇ) പ്രസ്തുത ഹോസ്റ്റൽ സായിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അതുകൊണ്ട് സുരക്ഷ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാൻ സായിയോട് അഭ്യർത്ഥിക്കുന്നതാണ്.

ഇടുക്കി വോളിബാൾ അക്കാദമി

307 (311) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എം.കെ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇടുക്കി വോളിബാൾ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി ;

(ബി) പ്രസ്തുത അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥതലത്തിലുള്ള ഏകോപനത്തിന് എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടു വോളിബോൾ കോർട്ടുകൾ ഉൾപ്പെട്ട ഇൻഡോർ സ്റ്റേഡിയം, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, പുരുഷന്മാരുടേയും സ്ത്രീകളുടേയും ഹോസ്റ്റൽ ബിൽഡിംഗുകൾ എന്നിവയുടെ പ്രീഫാബ് സ്ട്രക്ച്ചറൽ ഫ്രെയിംവർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ ഫിനിഷിംഗ് പണികൾ, സ്പോർട്സ് ഫ്ലോറിംഗ് പണികൾ എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

(ബി) നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥതലത്തിലുള്ള ഏകോപനം നിലവിലുണ്ട്.

നടക്കാവ് വലിയകൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മാണം

308 (312) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിലെ നടക്കാവ് വലിയകൊവ്വൽ മൈതാനിയിൽ നിർമ്മിക്കുന്ന സിന്തറ്റിക് ടർഫ് ഗ്രൗണ്ട് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly